## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1309

20.03.12ൽ മറുപടിയ്ക്ക്

### ആലപ്പുഴ ജില്ലയിലെ ടൂറിസം വികസനപദ്ധതികൾ

**ചോദ്യം**

ശ്രീ.പി.സി.വിഷ്ണുനാഥ്

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലപ്പുഴ ജില്ലയിലെ ടൂറിസം വികസനത്തിനായി ആരംഭിച്ച പദ്ധതികൾ ഏതെല്ലാം;

(ബി) ഈ പദ്ധതികൾക്കായി മൊത്തം എത്ര രൂപ ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

**ഉത്തരം**

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ)യും (ബി)യും)

| | പദ്ധതി | ഭരണാനുമതി തുക |
|---|---|---|
| 1 | ആലപ്പുഴ ബീച്ച് വാക്ക്വേയുടെ വൈദ്യുതീകരണം | 40,00,000 രൂപ |
| 2 | ആലപ്പുഴ ഡസ്റ്റിനേഷൻ വികസനം | 26,85,000 രൂപ |
| 3 | നെഹ്രു ട്രോഫി വള്ളം കളി പവലിയനിൽ ജവഹർലാൽ നെഹ്രുവിന്റെ പ്രതിമ സ്ഥാപിക്കലും ലാന്റ്സ്കേപ്പിംഗും | 21,40,093 രൂപ |

(സി) പദ്ധതികൾ ത്വരിത ഗതിയിൽ നടപ്പാക്കുന്നതിനായി ആലപ്പുഴ ഡി.റ്റി.പി.സിക്കും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനും അവശ്യ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രതിമാസ അവലോകന മീറ്റിംഗുകൾ നടത്തി പുരോഗതി വിലയിരുത്തുന്നുമുണ്ട്.

| | | |
|---|---|---|
| (ഡി) | നെഹ്റുട്രോഫി ജലോത്സവത്തെ ടൂറിസം വികസനവുമായി ബന്ധപ്പെടുത്തി എന്തെല്ലാം വികസന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്; | (ഡി യും ഇ യും)<br><br>നെഹ്റുട്രോഫി ജലോത്സവവുമായി ബന്ധപ്പെട്ട് നെഹ്രു ട്രോഫി പവലിയന്റെ സമഗ്ര വികസനത്തിന് ജവഹർലാൽ നെഹ്രുവിന്റെ പ്രതിമ സ്ഥാപിക്കുന്നതിനും ലാൻഡ് സ്കേപ്പിംഗിനുമായി 21,40,093/- രൂപയുടെ ഭരണാനുമതിയുള്ള, പദ്ധതിയുടെ പ്രവൃത്തികൾ ആലപ്പുഴ ഡി.റ്റി.പി.സിയുടെ മേൽ നോട്ടത്തിൽ ത്വരിത ഗതിയിൽ നടന്നുവരികയാണ്. നെഹ്രു ട്രോഫി ഫിനിഷിംഗ് പോയിന്റിൽ സ്ഥിരമായ ഒരു പവലിയൻ നിർമ്മിക്കുന്നതിനും വി.ഐ.പി പവലിയൻ നിൽക്കുന്ന ദ്വീപ് വിപുലീകരിക്കുന്നതിനും 10 കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ) | ഇതിനായി എന്തു തുക നീക്കി വച്ചിട്ടുണ്ട്; സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ